"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ജിഷ ജേക്കബ്, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ കാത്ത് നിന്ന കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1650/2024/H&FWD തീയതി,തിരുവനന്തപുരം, 09-07-2024

---

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ EA1- 5160/2023/DHS നമ്പർ നടപടിക്രമം.
2. സ.ഉ (സാധാ) നം.1989/2023/ആകുവ തീയതി 07.08.2023.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06.02.2024-ലെ ഇ.എ1-23651/2023/ആ.വ.ഡ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

2023 പൊതു സ്ഥലം മാറ്റത്തിൽ പരാമർശം (1) നടപടിക്രമ പ്രകാരം കണ്ണൂർ മങ്ങാട്ടുപറമ്പ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ജിഷ ജേക്കബ് 11.07.2023 പൂർവ്വാഹ്നത്തിൽ മങ്ങാട്ടുപറമ്പ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടിരുന്നു. എന്നാൽ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ശിഖ സുഗതൻ ബഹു:ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 972/2023 കേസിലെ സ്റ്റേ ഉത്തരവ് കാരണം ഡോ.ജിഷ ജേക്കബിന് ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ടിയാരി ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിൽ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് നം.എ1-578/2023 തീയതി 19.07.2023 പ്രകാരം ഡോ.ജിഷയെ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുകയും, ടിയാൾ അന്നേ ദിവസം തന്നെ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. OA 972/2023 കേസിന്മേലുള്ള ബഹു: ട്രിബ്യൂണലിന്റെ വിധി അനുപാലിച്ചുകൊണ്ടുള്ള പരാമർശം (2) ഉത്തരവ് പ്രകാരം ഹരിപ്പാട് താലൂക്ക് ആസ്ഥാന

ആശുപത്രിയിലേയ്ക്കുള്ള ഡോ.ജിഷ ജേക്കബ്ബിന്റെ സ്ഥലംമാറ്റത്തിന് ഉണ്ടായിരുന്ന സ്റ്റേ മാറിക്കിട്ടുകയും ടിയാൾ 08.08.2023-ന് ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ആയതിനാൽ ഡോ.ജിഷ ജേക്കബ്ബിന് ബഹു:ട്രിബ്യൂണലിന്റെ സ്റ്റേ ഉത്തരവ് കാരണം ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന 19.07.2023 മുതൽ 07.08.2023 വരെയുള്ള കാലയളവ് KSR Part 1 Rule 12(7) Note 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിലെ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ജിഷ ജേക്കബ്ബിന് ബഹു:ട്രിബ്യൂണലിന്റെ സ്റ്റേ ഉത്തരവ് കാരണം ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന 19.07.2023 മുതൽ 07.08.2023 വരെയുള്ള കാലയളവിൽ അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒഴിവ് ഉണ്ടായിരുന്ന സാഹചര്യം കണക്കിലെടുത്ത് ടി കാലയളവ് കെ.എസ്.ആർ. ഭാഗം I ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആലപ്പുഴ.
ഡോ.ജിഷ ജേക്കബ്ബ്, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 09-07-2024 14:53:18

മേലെഴുത്ത് നം. ഇ. എ1 - 23651/2023/ആ.വ.ഡ, തീയതി 15/7/2024
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

15/7/24

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി